"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.അമ്പിളി പി-ക്ക് പ്രവേശന കാലയളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1255/2026/H&FWD തീയതി,തിരുവനന്തപുരം, 27-03-2026

---

പരാമർശം:-

1. സ.ഉ (അ) നം.15/2020ഉ.പവ തിയതി 28.10.2020.
2. സ.ഉ.(അ) നം.5/2023/ഉ. ഭ.പ.വ തീയതി 29.03.2023.
3. തിരുവനന്തപുരം പി.എസ്.സി ജില്ലാ ഓഫീസറുടെ 03.10.2025 തീയതിയിലെ RIE(1)/1126/2023/GW നമ്പർ നിയമന ശിപാർശ
4. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ 20.11.2025 തീയതിയിലെ 12/2288/(എ)/2023/ മെ.വി.വ നം. ഉത്തരവ്.
5. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഫീസറുടെ 17.12.2025 തീയതിയിലെ GMCTCR/2438/2025-E3 നമ്പർ ഉത്തരവ്.
6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 27.02.2026 ലെ DME/4108/2023-J2 നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നേഴ്സിംഗ് ഓഫിസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിൽ പരാമർശം (3) പ്രകാരം നിയമന ശിപാർശയും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരാമർശം (4) പ്രകാരം നിയമനോത്തരവും ലഭിച്ച ശ്രീമതി.അമ്പിളി പി. നിലവിൽ AIIMS - ൽ നേഴ്സിംഗ് ഓഫീസറായി ജോലി ചെയ്യുന്നതിനാൽ, ജോലിയിൽ പ്രവേശിക്കുവാൻ 90 ദിവസം കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഒഫീസർ പരാമർശം (5) പ്രകാരം നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസത്തേയ്ക്ക് പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്ലിയിട്ടുണ്ട്. എന്നാൽ മംഗളഗിരി എയിംസിൽ നിന്നും വിടുതൽ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ, 45 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്ന ശ്രീമതി.അമ്പിളി പി. യുടെ അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിലേക്ക് ഉചിത നടപടിയ്ക്കായി ശിപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.അമ്പിളി പി-ക്ക്, പരാമർശം (1), (2) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, 16.03.2026 മുതൽ 45 ദിവസത്തേയ്ക്ക് കൂടി പ്രവേശനകാലം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർവീസിൽ പ്രവേശിക്കുന്ന തിയതിയിൽ ജൂനിയർമോസ്റ്റ് ആയി ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി അമ്പിളി പി, വേണുഗീതം (H), ചാത്തമംഗലം കോഴിക്കോട്
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C3/55/2026-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 28-03-2026 14:53:47
സെക്ഷൻ ഓഫീസർ